# 22 കാരറ്റിന്റെ തട്ടിപ്പും 916 ശുദ്ധിയുള്ള വെട്ടിപ്പും

സ്വന്തം ലേഖകൻ

22 കാരറ്റ് സ്വർണ്ണത്തെക്കുറിച്ച് മാത്രം കേട്ടിരുന്ന കേരളീയനു മുന്നിലിതാ പുതിയൊരു സ്വർണ്ണം പ്രത്യക്ഷപ്പെട്ടിരിക്കുന്നു - 916 പരിശുദ്ധിയുള്ള സ്വർണ്ണം. ഇനി കുറച്ചുനാൾ ഈ പരിശുദ്ധിയുടെ പിന്നാലെയാകും മലയാളി എന്നതിനു തർക്കമില്ല.

സ്വർണ്ണം, യാതൊരു മായവും കലരാത്ത അതിന്റെ ശുദ്ധമായ രൂപത്തിൽ തങ്കം എന്നാണ് അറിയപ്പെടുന്നത്. ശുദ്ധമായ തങ്കം ഒരു മൃദുലോഹമാണ്. അതുപയോഗിച്ച് ആഭരണങ്ങളും മറ്റുമുണ്ടാക്കിയാൽ ഉറപ്പുണ്ടായിരിക്കില്ല. അതുകൊണ്ട് ആഭരണങ്ങളും നാണയങ്ങളും മറ്റും ഉണ്ടാക്കുമ്പോൾ സ്വർണ്ണത്തിൽ അല്പം അന്യപദാർത്ഥം ചേർത്ത് അതിനെ ഉറപ്പുള്ളതാക്കും. ചെമ്പാണ് സാധാരണയായി തങ്കത്തിൽ ചേർക്കുന്നത്. 22 ഗ്രാം തങ്കവും 2 ഗ്രാം ചെമ്പും ചേർത്തു 24 ഗ്രാം സ്വർണ്ണമുണ്ടാക്കിയാൽ അതിനെയാണ് 22 കാരറ്റ് സ്വർണ്ണം എന്നു പറയുന്നത്. ഈ 22 കാരറ്റ് സ്വർണ്ണമാണ് ശരിയായ അനുപാതത്തിലുള്ള കൂട്ട്. സ്വർണ്ണത്തിന്റെ ഈ 22:2 അനുപാതം ലോകമൊട്ടാകെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.

22 കാരറ്റ് എന്ന സാങ്കേതികപദം തന്നെയാണ് 91.6 ശതമാനം ശുദ്ധി, 916 ശുദ്ധി, 0.916 ശുദ്ധി എന്നൊക്കെ മാറ്റിയെഴുതുന്നത്. 1000 ഗ്രാം സ്വർണ്ണത്തിൽ 916 ഗ്രാം തനിത്തങ്കവും ബാക്കി ചെമ്പും ചേർത്തത് എന്നതാണ് 916 പരിശുദ്ധി എന്നു പറയുമ്പോൾ ഉദ്ദേശിക്കുന്നത്. അതുതന്നെയാണ് 22 കാരറ്റും. ഒരു പവനെന്നും എട്ടു ഗ്രാമെന്നും പറയുമ്പോഴുള്ള വ്യത്യാസമേ ഇതിലുമുള്ളൂ - വാക്കിലെ വ്യത്യാസമുള്ളൂ; സാധനം രണ്ടും ഒന്നുതന്നെ.

പക്ഷേ, 22 കാരറ്റ് സ്വർണ്ണത്തെക്കാൾ മെച്ചപ്പെട്ട ശുദ്ധിയുള്ള ഒന്ന് എന്ന രീതിയിൽ 916 ശുദ്ധിയുള്ള സ്വർണ്ണത്തെ വ്യാപകമായി പരസ്യം ചെയ്ത് ഉപഭോക്താവിനെ വഞ്ചിക്കുകയാണ് ഒരു കൂട്ടം സ്വർണ്ണക്കടക്കാർ. നമ്മൾ മനസിലാക്കേണ്ട കാര്യം, 22 കാരറ്റുള്ള സ്വർണ്ണം ഇപ്പോൾ മാത്രമാണ് നമുക്കു ലഭിക്കാൻ പോകുന്നതെന്നും ഇതുവരെ 22 കാരറ്റ് എന്നു പറഞ്ഞു വാങ്ങിയിരുന്നത് അതായിരുന്നില്ല എന്നുമാണ്. പണ്ടു വിളക്കാനുപയോഗിച്ചിരുന്ന പൊടിയല്ല ഇപ്പോൾ വിളക്കാൻ ഉപയോഗിക്കുന്നത് എന്നൊരു വ്യത്യാസം മാത്രമാണ് സംഭവിച്ചിരിക്കുന്നത്.

സ്വർണ്ണാഭരണ വിപണിയിൽ ഉണ്ടായിട്ടുള്ള വിപണനത്തകർച്ചയാണ് ഇത്തരമൊരു പ്രചാരതന്ത്രം മെനയാൻ വൻകിട ജ്വല്ലറികൾക്കു

ശേഷം പേജ് 5ൽ

# 22 കാരറ്റിന്റെ വെട്ടിപ്പ്

1-ാം പേജ് തുടർച്ച

പ്രേരണ നല്കിയത്. വൻകിടക്കാരുടെ ഇത്തരം പരസ്യതന്ത്രങ്ങൾ ചെറുകടക്കാരെ പ്രതികൂലമായി ബാധിച്ചതിന്റെ ഫലമായി ചെറുകിടക്കാർ വൻകിടക്കാർക്കെതിരേ തിരിയാൻ തുടങ്ങിയിരിക്കുകയാണ്.

തൃശൂർ ജില്ലയിലെ ആഭരണക്കടക്കാരുടെ സംഘടന രണ്ടായി പിളർന്നുകഴിഞ്ഞു.

വൻകിട ജ്വല്ലറികൾ തന്നെ പരസ്പരം ആക്രമിക്കാനും ആരംഭിച്ചിട്ടുണ്ട്- തങ്ങളുടെ കടയിൽ 22 കാരറ്റ് ആഭരണങ്ങളും 916 ശുദ്ധിയുള്ള ആഭരണങ്ങളും കിട്ടും എന്ന ഒരു പരസ്യവും അതു രണ്ടും ഒന്നു തന്നെയാണെന്നു പറയുന്ന മറ്റൊരു ജ്വല്ലറിക്കാരന്റെ പരസ്യവും പത്രങ്ങളിൽ അച്ചടിച്ചുവന്നത് ഈ പരസ്യയുദ്ധത്തിന്റെ ഭാഗമായാണ്.

പക്ഷേ, ഈ തർക്കങ്ങളും കുതന്ത്രങ്ങളും പരസ്പരം സംസാരിച്ചുതീർത്ത്, വ്യാപാരികളെല്ലാം കൈകോർത്ത് ഉപഭോക്താവിനെ വീണ്ടും വലയിലാക്കാൻ അധികനാളെടുക്കുമെന്നു തോന്നുന്നില്ല. കേരളീയന്റെ മനശാസ്ത്രം ഏറ്റവും നന്നായി അറിയുന്നത് അവർക്കാണല്ലോ.

